**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2351** **13-09-2023 - ൽ മറുപടിയ്ക്ക്**

**സിക്കിൾ സെൽ അനീമിയ പ്രതിരോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2023 ജൂൺ, ജൂലൈ മാസങ്ങളിൽ പത്തിലധികം സിക്കിൾ സെൽ അനീമിയ രോഗികൾ സുൽത്താൻ ബത്തേരി മണ്ഡലത്തിൽ മരണമടയുകയുണ്ടായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2023 ജൂൺ, ജൂലൈ മാസങ്ങളിൽ സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിൽ ആകെ 3 രോഗികൾ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | സിക്കിൾ സെൽ അനീമിയ രോഗത്തെ പ്രതിരോധിക്കാൻ നൂതന ചികിത്സ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | (ബി) | മാനന്തവാടി ജില്ലാ ആശുപത്രിയിൽ 10 bed HDU സിക്കിൾ സെൽ രോഗികൾക്ക് മാത്രമായി നവീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ Exchange Transfusion അടക്കമുള്ള ചികിത്സകൾ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ മേൽ നോട്ടത്തിൽ പരിശീലനം ലഭിച്ച നഴ്സുമാർ മുഖാന്തിരം നൽകി വരുന്നു. ബോയ്സ് ടൗണിൽ 300 കോടി രൂപയുടെ പദ്ധതിയ്ക്ക് സർക്കാർ DPR തയ്യാറാക്കി വരുന്നുണ്ട്. ഫീൽഡ്തല സ്ക്രീനിംഗിനായി (0-40 Age group) രണ്ട് ലക്ഷം പേരെ ഒരു വർഷത്തിനുള്ളിൽ കണ്ടെത്താനുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 12 ലക്ഷം രൂപ വരുന്ന HPLC Machine സജ്ജമാക്കിയിട്ടുണ്ട്. ബ്ലഡ് ബാങ്ക് സേവനവും ലഭ്യമാണ്. Hydroxy Urea, Folic Acid എന്നീ മരുന്നുകൾ പി.എച്ച്.സികളിൽ അടക്കം സൗജന്യമായി ലഭ്യമാക്കുന്നത് ഉറപ്പാക്കിയിട്ടുണ്ട്. രോഗികളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി എൻ.എച്ച്.എം മുഖേന പോഷകാഹാര കിറ്റ് എല്ലാ മാസവും നൽകി വരുന്നുണ്ട്. Comprehensive Hemoglobinopathy Centre ചികിത്സയ്ക്കും റിസർച്ചിനും നടപ്പുവർഷത്തിൽ എൻ.എച്ച്.എം PIP യിൽ ഉൾപ്പെടുത്തുന്നതിനായി ശിപാർശ തയ്യാറാക്കിയിട്ടുണ്ട്. നേരത്തെ കണ്ടെത്തുന്ന സിക്കിൾ സെൽ രോഗികളെ സംസ്ഥാന ദേശീയ പോർട്ടലുകളിലേക്ക് വിവര ശേഖരണം നടത്തി അവർക്കുള്ള ചികിൽസാ ആനുകൂല്യങ്ങൾ ഉറപ്പാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ തുടർ ചികിത്സകളും ഗുരുതര രോഗം ബാധിച്ചവർക്ക് പ്രത്യേക ചികിത്സകളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ